# APRIL CA 2022

PSC TALKZ

Join us on Telegram
Subscribe
GET IT ON Google Play




# PSC TALKZ

A Unique platform for Self dedicated learners of life to improve and sharpen their skill set, An comprehensive website daily updated with free study materials, Mock quizzes, Model Exams with emphasized focus on Kerala PSC candidates in clearing the PSC examinations.

01
10th LEVEL PRELIMS
DAILY MOCK TEST

02
SCERT FULL MOCK
TEST

03
DAILY CURRENT
AFFAIRS

04
ANSWER MARKED PDF
QUESTION PAPERS

Join us on Telegram

GET IT ON Google Play

CAPTAIN TALKZ.in

FREE PSC TALKZ.in

Subscribe

- പരീക്ഷയോടുഅടുക്കുമ്പോൾമാത്രംകറണ്ട്അഫയർനോക്കുമ്പോഴാണ് ,കറണ്ട്അഫയർപരസ്പരബന്ധമില്ലാത്തവിവരങ്ങളുടെവലിയൊരുശേഖരംആയിതോന്നുന്നത്, സ്വാഭാവികമായിമടപ്പുവരും, എന്തൊക്കെയോവായിച്ച് CA പഠിച്ചുഎന്നവരുത്തിത്തീർക്കും
- ഓരോദിവസവുംആദിവസത്തെകറണ്ട്അഫയർപഠിച്ചുനോക്കൂ
- ഇന്നുപഠിച്ചുതുടങ്ങുന്നവർഇന്നത്തെ CA പഠിക്കുന്നതിനൊപ്പംപഴയ Daily CA കൂടെകുറേശ്ശെവായിച്ചുപഠിച്ചുനോക്കൂ - കൃത്യമായഇടവേളകളിൽറിവിഷൻചെയ്യൂപെട്ടെന്ന്തന്നെട്രാക്കിലേക്കവരാൻസാധിക്കും ☺
- അത്തരത്തിൽതിരഞ്ഞെടുത്തഏതാനുംചോദ്യങ്ങൾഅടങ്ങിയഈഫയൽനിങ്ങൾക്ക്ഉപകരിക്കട്ടെ
- വോയിസ്ടൈപ്പ്ചെയ്തതിനാൽ ,അക്ഷരതെറ്റുകൾക്ഷമിക്കുക

## APRIL 1

- കുള്ളൻ ഗ്രഹമായ പ്ലൂട്ടോയിൽ ഹിമ അഗ്നിപർവ്വതങ്ങളുടെ സാന്നിധ്യം കണ്ടെത്തിയ നാസയുടെ ദൗത്യം ? @PSC_Talkz
  - **ന്യൂ ഹൊറൈസൺ**
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പുതുക്കിയ വേതന നിരക്ക് പ്രകാരം ഏറ്റവും കുറവ് വേതനം ലഭിക്കുന്ന സംസ്ഥാനങ്ങൾ ? @PSC_Talkz
  - **മധ്യപ്രദേശ്, ഛത്തീസ്ഗഡ് (204 രൂപ)**
- തടവുകാരുടെ കുടുംബങ്ങളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അവർക്ക് വ്യക്തിഗത ലോണുകൾ നൽകുന്നതിനായി പദ്ധതി ആരംഭിക്കുന്ന സംസ്ഥാനം
  - **മഹാരാഷ്ട്ര**
- 2022 ഏപ്രിൽ രണ്ടിന് വജ്ര ജൂബിലി ആഘോഷിക്കുന്ന ഇന്ത്യൻ സായുധസേനയുടെ ഹെലികോപ്റ്റർ ? @PSC_Talkz
  - **ചേതക്**
- 2022 ലെ നാഷണൽ പാരാ സ്വിമ്മിങ് ചാമ്പ്യൻഷിപ്പ് നേടിയ സംസ്ഥാനം ?
  - **മഹാരാഷ്ട്ര**

- ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എഫ്ആർഐ) അടുത്ത ഡയറക്ടറായി നിയമിക്കപ്പെട്ടത് ? @PSC_Talkz
    - **ഡോ. രേണു സിങ്ങ്**
- പശ്ചിമ ബംഗാൾ ഗവർണർ ജഗ്ദീപ് ധൻഖർ ഏത് ഐഐടിയിലാണ് പെറ്റാസ്കെയിൽ സൂപ്പർ കമ്പ്യൂട്ടർ പരം ശക്തി രാജ്യത്തിന് സമർപ്പിച്ചത് ?
    - **ഐഐടി ഖരഗ്പൂർ**
- 2022 ൽ BBCയുടെ ലൈഫ് അച്ചീവ്മെന്റ് അവാർഡ് ലഭിച്ചത് ?
    - **കർണം മല്ലേശ്വരി**
- 2022 ലെ പോളിഷ് ഓപ്പൺ ബാഡ്മിന്റൺ കിരീടം നേടിയ മലയാളി ?
    - **കിരൺ ജോർജ്**
- കോവിഡ് കേസുകൾ കുറഞ്ഞതോടെ നിയന്ത്രണങ്ങളെല്ലാം പൂർണമായി ഒഴിവാക്കാൻ തീരുമാനിച്ച സംസ്ഥാനം ? @PSC_Talkz
    - **മഹാരാഷ്ട്ര**
- 2022ൽ ഖത്തറിൽ നടക്കുന്ന ഫിഫ ലോകകപ്പിനായി പുറത്തിറക്കിയ പന്തിന് നൽകിയ പേര് ? @PSC_Talkz
    - **അൽ റിഹ്ല**
- അൽ റിഹ്ല എന്ന വാക്കിന്റെ അർത്ഥം ? @PSC_Talkz
    - **യാത്ര**
- 2022 ഖത്തർ ഫുട്ബോൾ ലോകകപ്പിലെ ഔദ്യോഗിക പന്ത് പുറത്തിറക്കിയ കമ്പനി ?@PSC_Talkz
    - **അഡിഡാസ്**
- സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ബോർഡിന്റെ ചെയർമാൻ ആയി ചുമതലയേറ്റത് ? @PSC_Talkz
    - **മധുപാൽ**
- കേരളത്തിലെ ആദ്യ സോളാർ ക്രൂയിസ് ബോട്ട് നിലവിൽ വന്നത് ?
    - **കൊച്ചി**
- ഇന്ത്യ സന്ദർശിക്കുന്ന റഷ്യൻ വിദേശകാര്യ മന്ത്രി?@PSC_Talkz
    - **സെർജി ലാവ് രോവ്**
- ഹൈഡ്രജൻ അധിഷ്ഠിത അഡ്വാൻസ് ഫ്യൂവൽ സെൽ ഇലക്ട്രിക് വെഹിക്കിൾ ?
    - **ടൊയോട്ട മിറായി**

- കേന്ദ്ര ഗതാഗത മന്ത്രി ? @PSC_Talkz
    - **നിതിൻ ഗഡ്കരി**
- സത്യസായിബാബയുടെ പേരിൽ പുട്ടപർത്തി ആസ്ഥാനമായി പുതിയ ജില്ല നിലവിൽ വരുന്നത് ?@PSC_Talkz
    - **ആന്ധ്ര പ്രദേശ്**
- മലയാളി സ്റ്റാർട്ട് കമ്പനിയായ ടെക്ജെൻഷ്യയില് നിന്ന് കേരളം വാങ്ങുന്ന വീഡിയോ കോൺഫറൻസിംഗ് ആപ്ലിക്കേഷൻ ?
    - **വീ കൺസോൾ**
- ആലപ്പുഴയിലെ ടെക്ജേനഷ്യ കമ്പനി വികസിപ്പിച്ച വി കൻസോൾ ആപ്ലിക്കേഷന് നേതൃത്വം നൽകിയത് ?
    - **ജോയ് സെബാസ്റ്റ്യൻ**
- രാജ്യത്തെ സമ്പൂർണ സാക്ഷരതക്കായി കേന്ദ്ര സർക്കാർ ആരംഭിച്ച പുതിയ പദ്ധതി ?
    - **ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം**
- 2020 - 21 സംസ്ഥാന ആർദ്ര കേരള പുരസ്കാരം ലഭിച്ച മികച്ച ജില്ലാ പഞ്ചായത്ത് , മികച്ച ബ്ലോക്ക് പഞ്ചായത്ത് , മികച്ച മുൻസിപ്പാലിറ്റി , മികച്ച ഗ്രാമപഞ്ചായത്ത് ?
    - **ജില്ല - കൊല്ലം**
    - **ബ്ലോക്ക് - മല്ലശ്ശേരി ( തൃശൂർ )**
    - **മുൻസിപ്പാലിറ്റി - പിറവം (എറണാകുളം )**
    - **ഗ്രാമപഞ്ചായത്ത് - നൂൽപ്പുഴ**

## APRIL 2

- 2022 ഏപ്രിലിൽ നടക്കുന്ന ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള ഉഭയകക്ഷി നാവിക അഭ്യാസമാണ് ? @PSC_Talkz
    - **VARUNA -2022**
- 2022ലെ ലോക ഓട്ടിസം അവബോധ ദിനത്തിന്റെ പ്രമേയം ?
    - **എല്ലാവർക്കും ഉൾക്കൊള്ളുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം**
- ലോക ഓട്ടിസം ദിനം ഏപ്രിൽ 02 ന് ആചരിക്കുന്നത് ? @PSC_Talkz
    - **2008 മുതൽ**

- സംസ്ഥാനത്തുടനീളമുള്ള ഗ്രാമപഞ്ചായത്തുകളിലെ തൊട്ടുകൂടായ്മ ഇല്ലാതാക്കാൻ ഉദ്ദേശിച്ചുള്ള ബോധവൽക്കരണ പരിപാടിയായ വിനയ സമരസ്യ യോജന പ്രഖ്യാപിച്ച സംസ്ഥാനം ?
  - **കർണാടക**
- ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ (ഡിഎംആർസി) ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറായി നിയമിതനായത് ?
  - **വികാസ് കുമാർ**
- അടുത്തിടെ കോവിഡ്-19 രഹിത കേന്ദ്ര ഭരണ പ്രദേശമായി മാറിയത് ? @PSC_Talkz
  - **ആൻഡമാൻ നിക്കോബാർ ദ്വീപുകൾ**
- സംസ്ഥാനത്ത് വിവിധ വാക്സിനുകളുടെ നിർമാണയൂണിറ്റ് തുടങ്ങാൻ കേരള സർക്കാരിന്റെ ക്ഷണം സ്വീകരിച്ചത് ? @PSC_Talkz
  - **ഭാരത് ബയോടെക്,വിർചൗ ബയോടെക്**
- ന്യൂഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽ നിന്നു വിഡിയോ കോൺഫറൻസിങ്ങിലൂടെ ഉദ്ഘാടനം ചെയ്യുന്ന പുതിയ ട്രെയിൻ സർവീസ് ബന്ധിപ്പിക്കുന്നത് ? @PSC_Talkz
  - **ഇന്ത്യ - നേപ്പാൾ (ബിഹാറിലെ ജയനഗറിൽ നിന്നു നേപ്പാളിലെ കുർത്തയിലേക്കുള്ള 34.5 കിലോമീറ്റർ)**
- 2022 ലോകകപ്പിന്റെ ഔദ്യോഗിക സൗണ്ട് ട്രാക്ക് ഫിഫ പുറത്തിറക്കി. പേര് ?
  - **ഹയ്യ ഹയ്യ ( ആശയം - നല്ലതിനായി ഒരുമിക്കാം )**
- 2022 ഖത്തർ ലോകകപ്പ് ഫുട്ബോളിൻ്റെ ഔദ്യോഗിക ഭാഗ്യ ചിഹ്നം ?
  - **ലയീബ്**
- തമിഴ്നാട്ടിലെ ഏത് സമുദായത്തിന് ആണ് സർക്കാർ ജോലികളിലും വിദ്യാഭ്യാസത്തിലും 10.5 ശതമാനം സംവരണം അനുവദിച്ചത് സുപ്രീംകോടതി റദ്ദാക്കിയത് ?
  - **വണ്ണിയാർ സമുദായം**
- അറുപതാം വാർഷികം ആഘോഷിക്കുന്ന ഇന്ത്യൻ വ്യോമസേനയുടെ പടക്കുതിര എന്നറിയപ്പെടുന്ന ഹെലികോപ്റ്റർ ?
  - **ചേതക്**
- ഇന്ത്യൻ വ്യോമസേന മേധാവി ?
  - **വി ആർ ചൗധരി**

- വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച പദ്ധതി ?@PSC_Talkz
  - **വിദ്യാകിരണം**
- ഇന്ത്യ സന്ദർശിച്ച നേപ്പാൾ പ്രധാനമന്ത്രി ?
  - **ഷെർ ബഹദൂർ ദ്യൂബ്രെ**
- സ്വാതന്ത്ര്യാനന്തരം തുർക്ക്മെനിസ്ഥാൻ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ രാഷ്ട്രപതി
  - **രാംനാഥ് കോവിന്ദ്**
- വനിതാ ക്രിക്കറ്റ് വേൾഡ് കപ്പ് വേദി ?
  - **ന്യൂസിലാൻഡ്**
- ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടുന്ന താരമെന്ന റെക്കോർഡ് നേടിയത് ?
  - **ഡ്വെയിൻ ബ്രാവോ**
- ആഗോള ഫുട്ബോൾ സംഘടനയായ ഫിഫ റാങ്കിങ്ങിൽ ഒന്നാം സ്ഥാനം ?
  - **ബ്രസീൽ**
- ആഗോള ഫുട്ബോൾ സംഘടനയായ ഫിഫ റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം ?
  - **106**

## APRIL 3

- സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ഇന്ത്യയുടെ അയൽ രാജ്യം ?@PSC_Talkz
  - **ശ്രീലങ്ക**
- ശ്രീലങ്കയുടെ പ്രസിഡൻറ് ?@PSC_Talkz
  - **ഗോതബായ രാജപക്സെ**
- ശ്രീലങ്കയുടെ പ്രധാനമന്ത്രി ?
  - **മഹീന്ദ്ര രാജപക്സെ**
- ദേശീയ ഹാൻഡി ക്രാഫ്റ്റ് ദിനം , ലോക ഓട്ടിസം അവബോധ ദിനം ആചരിക്കുന്നത് ?
  - **ഏപ്രിൽ 2**
- ഏത് കേന്ദ്രഭരണ പ്രദേശം ആണ് പഞ്ചാബ് സംസ്ഥാനത്തിന് ഭാഗമാകണമെന്ന് ആവശ്യപ്പെട്ട് നിയമസഭ പ്രമേയം പാസാക്കിയത് ?
  - **ചണ്ഡീഗഡ്**

- നിലവിലെ കർണാടക ഗവർണർ ?
  - **തവാർ ചന്ദ് ഗേലോട്ട്**
- കേന്ദ്ര കായിക മന്ത്രി ? @PSC_Talkz
  - **അനുരാഗ് താക്കൂർ**
- സൈലൻറ് വാലിയിൽ നിന്ന് ഗവേഷകർ കണ്ടെത്തിയ പുതിയ ഇനം വണ്ട് ?
  - **രത്ന വണ്ടുകൾ**
- ജില്ലയുടെ വ്യാവസായിക വളർച്ച ലക്ഷ്യംവെച്ച് കേരള സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനിയുടെ യൂണിറ്റ് സ്ഥാപിച്ചത് ?
  - **മൊഗ്രാൽ പുത്തൂർ , കാസർഗോഡ്**
- രാജ്യാന്തര ക്രിക്കറ്റ് കൗൺസിലിൻ്റെ മാച്ച് റഫറി പാനലിലെ ആദ്യ വനിത
  - **ജി എസ് ലക്ഷ്മി**
- 2022 ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് വേദി ?
  - **ബാംഗ്ലൂർ**
- 2022 ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് ഭാഗ്യ ചിഹ്നങ്ങൾ ?
  - **ജയ ( Black Buck ) , വിജയ് ( കടുവ ) , നമ്മ വീര ( ആന )**
- ദേശീയ സീനിയർ ഫെഡറേഷൻ കപ്പ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് വേദി ?@PSC_Talkz
  - **കാലിക്കറ്റ് യൂണിവേഴ്സിറ്റി**
- 122 വർഷത്തിനിടയിലെ ഇന്ത്യയിലെ ഏറ്റവും ചൂട് കൂടിയ മാർച്ച് മാസമായി കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം നിരീക്ഷിച്ചത് ?
  - **2022 മാർച്ച്**
- കോടതി ഉത്തരവുകൾ അതിവേഗം സംപ്രേഷണം ചെയ്യുന്നതിനായി മാർച്ച് 31ന് ചീഫ് ജസ്റ്റിസ് എൻ വി രമണ ആരംഭിച്ച സോഫ്റ്റ് വെയർ ? @PSC_Talkz
  - **FASTER**
- ന്യൂ ഡൽഹിയിലെ നെഹ്റു മ്യൂസിയത്തിന്റെ പുതിയ പേര് ?
  - **PM Museum**
- അന്ധതയെ കുറിച്ച് അവബോധം വളർത്തുന്നതിനായി ഇന്ത്യാ ഗവൺമെന്റ് അന്ധതാ നിവാരണ വാരമായി ആചരിക്കുന്നത് ? @PSC_Talkz
  - **ഏപ്രിൽ 1 മുതൽ 7 വരെ**

- പുതിയ കോവിഡ് മ്യൂട്ടന്റായ XE കൂടുതൽ അപകടകാരിയാണെന്ന് WHO മുന്നറിയിപ്പ് നൽകി. XE ഏത് രണ്ട് പതിപ്പുകളുടെ മ്യൂട്ടന്റ് ഹൈബ്രിഡ് ആണ് ?
  - **ഒമിക്രോണിന്റെ BA.1 & BA.2**
- XE നിലവിൽ വ്യാപിക്കുന്നതായി കണ്ടെത്തിയത് ? @PSC_Talkz
  - **USA**
- TIME100 ഇംപാക്ട് അവാർഡ് നേടിയത് ? @PSC_Talkz
  - **ദീപിക പദുക്കോൺ**
- യുഎസ് ആസ്ഥാനമായുള്ള സിറ്റി ബാങ്ക് ഗ്രൂപ്പ് അതിന്റെ ഇന്ത്യയിലെ ബിസിനസ്സ് 12,325 കോടി രൂപയ്ക്ക് വിൽക്കുന്നത് ? @PSC_Talkz
  - **ആക്സിസ് ബാങ്കിന്**
- യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടംപിടിച്ച ലേപാക്ഷി നന്ദി, വീരഭദ്ര ക്ഷേത്രം സ്ഥിതി ചെയ്യുന്നത് ? @PSC_Talkz
  - **ആന്ധ്രപ്രദേശ്**
- ലസിത് മലിംഗയെ (170) മറികടന്ന് ഐപിഎൽ ചരിത്രത്തിലെ ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ ബൗളറായി മാറിയ ചെന്നൈ സൂപ്പർ കിംഗ്സ് താരം ? @PSC_Talkz
  - **ഡ്വെയ്ൻ ബ്രാവോ (171)**
- 15ആം സീസൺ ഐപിഎൽ ൽ ആദ്യ സെഞ്ചുറി നേടിയ താരം ?
  - **ജോസ് ബട്ലർ (രാജസ്ഥാൻ റോയൽസ്)**

## APRIL 4

- കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയായ ഇ.കെ.നായനാരുടെ പേരിൽ മ്യൂസിയം നിലവിൽ വന്നത് ? @PSC_Talkz
  - **കണ്ണൂർ**
- 2021 ലെ പുതുപ്പള്ളി രാഘവൻ സ്മാരക പുരസ്കാരത്തിന് അർഹനായ മുൻ ഭക്ഷ്യ വകുപ്പ് മന്ത്രി ? @PSC_Talkz
  - **പി. തിലോത്തമൻ**
- വാഹനങ്ങളിലെ അമിതമായ അലങ്കാര വിളക്കുകൾ ഉൾപ്പെടെയുള്ള നിയമവിരുദ്ധ നടപടികൾ കണ്ടെത്താൻ ഉള്ള മോട്ടോർ വാഹന വകുപ്പിന്റെ പദ്ധതി ? @PSC_Talkz
  - **ഓപ്പറേഷൻ ഫോക്കസ്**

- മനുഷ്യന്റെ രക്തത്തിൽ മൈക്രോപ്ലാസ്റ്റിക് മലിനീകരണം കണ്ടെത്തിയ ലോകത്തിലെ ആദ്യ രാജ്യം ? @PSC_Talkz
  - **നെതർലന്റ്സ്**
- എൽ ഡൊറാഡോ കാലാവസ്ഥാ വെബ്സൈറ്റ് അനുസരിച്ച് ലോകത്തിലെ ഏറ്റവും ചൂടേറിയ മൂന്നാമത്തെ നഗരം ? @PSC_Talkz
  - **ചന്ദ്രപൂർ, മഹാരാഷ്ട്ര (43.2°C)**
- 44.4 ഡിഗ്രി സെൽഷ്യസോടെ ഭൂമിയിലെ ഏറ്റവും ചൂടേറിയ സ്ഥലമാണ് ?
  - **കെയ്സ്,മാലി (രണ്ടാം സ്ഥാനം:സെഗൗ,മാലി(43.8°C))**
- ഏത് കമ്പനിയാണ് ഇന്ത്യയിൽ 'സ്റ്റാർട്ടപ്പ് ഫൗണ്ടേഴ്സ് ഹബ്' ആരംഭിച്ചത് ?
  - **മൈക്രോസോഫ്റ്റ്**
- 2021-22 വിള വർഷത്തിൽ (Crop Year ) (ജൂലൈ-ജൂൺ) ഇന്ത്യയിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉത്പാദിപ്പിക്കുന്ന സംസ്ഥാനം ഏത് ?
  - **ഉത്തർപ്രദേശ്**
- ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ (ജിഎസ്ഐ) പുതിയ ഡയറക്ടർ ജനറലായി ആരാണ് നിയമിതനായത് ? @PSC_Talkz
  - **ഡോ. എസ് രാജു**
- നിലവിൽ ഫിഫയുടെ റാങ്കിംഗിൽ ഒന്നാമതെത്തിയ രാജ്യം ?
  - **ബ്രസീൽ**
- 2022 ലെ വനിതാ ഏകദിന വേൾഡ് കപ്പ് ക്രിക്കറ്റ് ജേതാക്കൾ ? @PSC_Talkz
  - **ഓസ്ട്രേലിയ**
- ഓസ്ട്രേലിയയുടെ എത്രാമത്തെ കിരീടം ആണ് 2022 ൽ നേടിയത് ? @PSC_Talkz
  - **7 (1978,1982,1988,1997,2005,2013, 2022)**
- 2022 ലെ വനിതാ ഏകദിന വേൾഡ് കപ്പ് ക്രിക്കറ്റ് റണ്ണറപ്പ് ആയത് ? @PSC_Talkz
  - **ഇംഗ്ലണ്ട്**
- ഫൈനലിലെയും ലോകകപ്പിലെയും താരം ആയത് ? അലിസ ഹീലി
- പുരുഷ, വനിതാ ലോകകപ്പുകളുടെ ഫൈനലിൽ ഏറ്റവും കൂടുതൽ റൺസെടുത്ത താരം ? @PSC_Talkz
  - **അലിസ ഹീലി (170 റൺസ്)**
- മിയാമി ഓപ്പൺ ടെന്നീസ് കിരീടം നേടിയത് ? @PSC_Talkz
  - **ഇഗാ സ്വിയാറ്റെക് (പോളണ്ട്)**

- ഇഗാ സ്വിയാറ്റെക് ഫൈനലിൽ പരാജയപ്പെടുത്തിയത് ? @PSC_Talkz
  - **നവോമി ഒസാക്ക (ജപ്പാൻ)**
- ടെന്നീസിൽ ലോക ഒന്നാം നമ്പർ പദവി നേടുന്നത് ? @PSC_Talkz
  - **ഇഗാ സ്വിയാറ്റെക്**
- പരസ്പരം വ്യാപാരവും കയറ്റുമതിയും വർധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള 4500 കോടി ഡോളറിന്റെ സാമ്പത്തിക സഹകരണ വ്യാപാര കരാറിൽ ഇന്ത്യയുമായി ഒപ്പുവെച്ച രാജ്യം ?
  - **ഓസ്ട്രേലിയ**
- ഓസ്ട്രേലിയൻ പ്രധാനമന്ത്രി ?
  - **സ്കോട്ട് മോറിസൺ**
- കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി ?
  - **പിയൂഷ് ഗോയൽ**
- അറബിക്കടലിൽ ഇന്ത്യയും ഫ്രാൻസും സംയുക്തമായി നടത്തുന്ന നാവികാഭ്യാസം ? @PSC_Talkz
  - **വരുണ 2022**
- അക്കാദമി ഓഫ് മോഷൻ പിക്ചർ ആർട്സ് ആൻഡ് സയൻസ് അംഗത്വത്തിൽ നിന്ന് രാജിവെച്ച ഓസ്കാർ ജേതാവ് ?
  - **വിൽ സ്മിത്ത്**
- ഇന്ത്യ ഫ്രാൻസിന്റെ സഹകരണത്തോടെ കണ്ടെത്തിയ പുതിയ സൗരയൂഥ രൂപീകരണത്തിന്റെ പേര് ?
  - **NGC 6902A**
- ഇന്ത്യയുടെ ദൂരദർശിനി ആയ ആസ്ട്രോസാറ്റ് ഉപയോഗിച്ച് 13.6 കോടി | പ്രകാശവർഷമകലെ കണ്ടെത്തിയ പുതിയ സൗരയൂഥം ?
  - **NGC6902A**
- കോവിഡിന്റെ പുതിയ വകഭേദമായ ഒമിക്രോൺ BA 2 വിനേക്കൾ വ്യാപന ശേഷിയുള്ള " എക്സ് ഇ " സ്ഥിരീകരിച്ചത് ?
  - **ബ്രിട്ടൺ**
- യുറോപ്യൻ യൂണിയൻ പാർലമെൻറ് പ്രസിഡൻ്റ്?@PSC_Talkz
  - **റോബർട്ട മെറ്റ്സൊല**

- ഹൈദരാബാദ് ഭാരത് ബയോടെക് കമ്പനി കേരളത്തിൽ പ്രതിരോധ വാക്സിൻ യൂണിറ്റ് ആരംഭിക്കുന്നത് ?
  - **തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്ക് , തിരുവനന്തപുരം**
- " ചിസം ഓൺ പേറ്റൻ്റ്സ് " എന്ന നിയമം ഏത് സർവ്വകലാശാലയ്ക്കു ആണ് അറ്റോണി ജനറൽ കെ വേണുഗോപാൽ സമ്മാനിച്ചത് ?
  - **കേരള യൂണിവേഴ്സിറ്റി**
- 2021 ബിബിസി ഇന്ത്യൻ സ്പോർട്ട്സ് വുമൺ ഓഫ് ദി ഇയർ അവാർഡ് നേടിയത് ?
  - **മീരാഭായി ചാനു**
- 2021 ബിബിസി എമർജിങ് പ്ലേയർ അവാർഡ് നേടിയത് ?@PSC_Talkz
  - **ഷഫാലി വർമ്മ**
- 2021 ബിബിസി ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് നേടിയത് ?@PSC_Talkz
  - **കർണം മല്ലേശ്വരി**
- 2022 ഐസിസി വനിതാ ക്രിക്കറ്റ് ലോകകപ്പ് നേതാക്കൾ ? **ഓസ്ട്രേലിയ**

## APRIL 5

- മുഖ്യമന്ത്രി ബഗ്വാനി ബീമാ യോജനയുടെ പോർട്ടൽ ഏത് സംസ്ഥാനമാണ് അടുത്തിടെ ആരംഭിച്ചത് ? @PSC_Talkz
  - **ഹരിയാന**
- ഇന്ത്യയുടെ നേതൃത്വത്തിലുള്ള ഇന്റർനാഷണൽ സോളാർ അലയൻസിൽ ചേരുന്ന 105-ആമത് രാജ്യം ? @PSC_Talkz
  - **നേപ്പാൾ**
- ഏത് സ്ഥലത്തുനിന്നും 12 ജ്യോതിർലിംഗങ്ങളുടെയും ചാർധാമുകളുടെയും ഡിജിറ്റൽ ദർശനം സാധ്യമാക്കുന്നതിന് പൊതുജനങ്ങൾക്കായി സാംസ്കാരിക മന്ത്രാലയം ആരംഭിച്ച വെബ് പോർട്ടൽ ഏതാണ് ? @PSC_Talkz
  - **ടെമ്പിൾ 360**
- അന്താരാഷ്ട്ര മൈൻ അവബോധ ദിനം ഏപ്രിൽ 4 ന് ആചരിച്ചു. ഈ വർഷത്തെ പ്രമേയം എന്താണ് ? @PSC_Talkz
  - **സേഫ് ഗ്രൗണ്ട്, സേഫ് സ്റ്റെപ്പ്സ്, സേഫ് ഹോം**
- തിരുവനന്തപുരം തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ പ്രതിരോധ വാക്സിൻ നിർമാണ യൂണിറ്റ് തുടങ്ങുന്ന കമ്പനി ?
  - **ഭാരത് ബയോടെക്**

- ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ഫ്ലോട്ടിങ് സോളാർ നിലയം നിലവിൽ വന്നത് ? @PSC_Talkz
    - **കായംകുളം**
- N T P C യുടെ സഹകരണത്തോടെ കേരളത്തിലെ ഏറ്റവും വലിയ ഫ്ലോട്ടിങ് സോളാർ പവർ പ്ലാന്റ് നിലവിൽ വന്നത് ?
    - **കായംകുളം**
- പുതിയ റിപ്പോർട്ടുകൾ പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ പഴവർഗങ്ങൾ ഉല്പാദിപ്പിക്കുന്ന സംസ്ഥാനം ? @PSC_Talkz
    - **ആന്ധ്ര പ്രദേശ്**
- ഈ അടുത്ത് അന്തരിച്ച പ്രശസ്ത നാടക ചലച്ചിത്ര നടൻ ?
    - **കൈനകരി തങ്കരാജ്**
- അടുത്തിടെ ഷീ ഓട്ടോ സ്റ്റാൻഡ് ആരംഭിച്ചത് ? @PSC_Talkz
    - **ചിറ്റൂർ, ആന്ധ്രാപ്രദേശ്**
- പാഠ്യേതര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഡൽഹി സർക്കാർ സ്കൂൾ സമയത്തിന് ശേഷം ഡൽഹിയിലെ സർക്കാർ സ്കൂളുകൾക്കായി ആരംഭിച്ച പദ്ധതി ? @PSC_Talkz
    - **ഹോബി ഹബ്ബ്**
- പുതുതായി 13 ജില്ലകൾ കൂടി നിലവിൽ വന്നതോടെ ആന്ധ്രാപ്രദേശിലെ ആകെ ജില്ലകളുടെ എണ്ണം ? 26
- കഥകളി ആചാര്യൻ പത്മഭൂഷൺ മടവൂർ വാസുദേവൻ നായരുടെ സ്മാരകമായി കഥകളി മ്യൂസിയം നിർമ്മിക്കുന്നത് ? @PSC_Talkz
    - **പള്ളിക്കൽ**
- 64-ാമത് ഗ്രാമി അവാർഡ് 2022 ന്റെ ചടങ്ങ് ലാസ് വെഗാസിൽ നടന്നു. ആൽബം ഓഫ് ദ ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടത് ?
    - **We Are ( ജോൺ ബാറ്റിസ്റ്റ )**
- ഈ വർഷത്തെ റെക്കോർഡ് ?
    - **സിൽക്ക് സോണിക് എഴുതിയ 'ലീവ് ദ ഡോർ ഓപ്പൺ'**
- സെർബിയൻ പരിശീലകൻ ഇവാൻ വുകോമനോവിച്ചുമായുള്ള കരാർ 2025 വരെ നീട്ടിയത് ? @PSC_Talkz
    - **കേരള ബ്ലാസ്റ്റേഴ്സ്**

- അടുത്തിടെ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നും വിരമിച്ച ന്യൂസിലൻഡ് താരം ?
  - **റോസ് ടെയ്‌ലർ**
- ഇന്ത്യയുടെ നിയുക്ത കരസേന മേധാവി ?@PSC_Talkz
  - **മനോജ് പാണ്ഡെ**
- 2022 പുതിയ13 ജില്ലകൾ നിലവിൽ വന്ന ഇന്ത്യൻ സംസ്ഥാനം ?
  - **ആന്ധ്ര പ്രദേശ്**
- ആന്ധ്രപ്രദേശ് മുഖ്യമന്ത്രി ? @PSC_Talkz
  - **Y S ജഗൻമോഹൻ റെഡ്ഡി**
- 2024 ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും പൈപ്പ് വഴി ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതി ?
  - **ജൽ ജീവൻ മിഷൻ**
- ജൽ ജീവൻ മിഷൻ 100 ശതമാനം പൂർത്തിയാക്കിയ സംസ്ഥാനങ്ങൾ ?
  - **ഗോവ , തെലുങ്കാന , ഹരിയാന**
- ജൽ ജീവൻ മിഷൻ 100 ശതമാനം പൂർത്തിയാക്കിയ കേന്ദ്ര ഭരണ പ്രദേശങ്ങൾ
  - **പുതുച്ചേരി , ആൻഡമാൻ , ദാമൻ & ദിയു ഭാദ്ര നഗർ ഹവേലി**
- പാകിസ്ഥാനിൽ ദേശീയ അസംബ്ലി പിരിച്ചുവിട്ട പ്രധാനമന്ത്രി ?
  - **ഇമ്രാൻഖാൻ**
- ദേശീയ പുരുഷ കബഡി ടീം പരിശീലകനായി ചുമതലയേറ്റത് ?
  - **ഇ ഭാസ്കരൻ**
- 2022 ലെ 19 - മത് ഏഷ്യൻ ഗെയിംസ് വേദി ?
  - **ഹാങ്ഷോ, ചൈന**
- ക്രിക്കറ്റ് ലോകകപ്പ് ഫൈനൽ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ എന്ന റെക്കോർഡ് നേടിയത് ?@PSC_Talkz
  - **എലിസ ഹീലി**

## APRIL 6

- മികച്ച നവയുഗ ആൽബത്തിനുള്ള 2022 ഗ്രാമി അവാർഡ് നേടിയ ഇന്ത്യൻ സംഗീതജ്ഞന്റെ പേര് ? **റിക്കി കെജ്**
- മികച്ച കുട്ടികളുടെ ആൽബം വിഭാഗത്തിൽ 'എ കളർഫുൾ വേൾഡിന്' ഗ്രാമി അവാർഡ് നേടിയത് ? @PSC_Talkz
  - **ഇന്ത്യൻ അമേരിക്കൻ ഗായകൻ ഫാൽഗുനി ഷാ**

- Whatsapp, Google Pay, Amazon Pay എന്നിവയുമായി കടുത്ത മത്സരത്തിൽ ടാറ്റ ഗ്രൂപ്പ് അവതരിപ്പിക്കുന്ന സൂപ്പർ ആപ്പ് മൊബൈൽ ആപ്ലിക്കേഷന്റെ പേരെന്താണ് ?
    - **ടാറ്റ നിയു(Tata Neu)**
- Forbes-ന്റെ 2022-ലെ അതിസമ്പന്നരുടെ പട്ടികയിൽ 219 ബില്യൺ ഡോളർ (ഏകദേശം 16 ലക്ഷം കോടി രൂപ) ആസ്തിയുമായി ഒന്നാമതെത്തിയത് ? @PSC_Talkz
    - **ഇലോൺ മസ്ക്**
- 5.4 ബില്യൺ ഡോളർ (ഏകദേശം 40,000 കോടി രൂപ) ആസ്തിയുമായി മലയാളികളിൽ ഒന്നാമതെത്തിയത് ? @PSC_Talkz
    - **എം.എ. യൂസഫലി**
- ഝാൻസിയിലെ റാണി ലക്ഷ്മിഭായിയുടെ കഥയെ കേന്ദ്രീകരിച്ച് "ക്വീൻ ഓഫ് ഫയർ" എന്ന പേരിൽ ഒരു പുതിയ നോവൽ എഴുതിയത് ആരാണ് ? @PSC_Talkz
    - **ദേവിക രംഗാചാരി**
- ആരെയാണ് ഫാം ഈസിയുടെ ബ്രാൻഡ് അംബാസഡറായി നിയമിച്ചത് ?
    - **ആമിർ ഖാൻ**
- മനുഷ്യാവകാശങ്ങൾക്കും കാലാവസ്ഥാ വ്യതിയാനത്തിനുമുള്ള ആദ്യ പ്രത്യേക റിപ്പോർട്ടറായി UNHRC ആരെയാണ് നിയമിച്ചത് ?
    - **ഡോ. ഇയാൻ ഫ്രൈ**
- ഡോ. ഇയാൻ ഫ്രൈ ക്ക് ഇരട്ട പൗരത്വമുള്ളത് ? @PSC_Talkz
    - **ടുവാലു,ഓസ്ട്രേലിയ**
- മധ്യ അമേരിക്കൻ രാജ്യമായ കോസ്റ്ററീക്കയുടെ പുതിയ പ്രസിഡന്റ് ? @PSC_Talkz
    - **റോഡ്രിഗോ ഷാവേസ്**
- ഹംഗറിയുടെ പ്രധാനമന്ത്രിയായി നിയമിതനായത് ? @PSC_Talkz
    - **വിക്ടർ ഒർബാൻ**
- ഒറ്റത്തവണ ഉപയോഗത്തിനുള്ള പ്ലാസ്റ്റിക് കുറയ്ക്കാനുള്ള നടപടികളുടെ ഭാഗമായി ജനങ്ങൾക്ക് പരാതികൾ അറിയിക്കാൻ കേന്ദ്ര സർക്കാർ പുറത്തിറക്കുന്ന മൊബൈൽ ആപ്പ് ? @PSC_Talkz
    - **പ്രകൃതി**
- പ്ലാസ്റ്റിക്കിനെതിരെ പരാതി അറിയിക്കുന്നതിനായി കേന്ദ്രസർക്കാർ പുറത്തിറക്കിയ ആപ്ലിക്കേഷൻ ?
    - **പ്രകൃതി**

- ബ്രോഡ്കാസ്റ്റ് ലൈസൻസുകൾക്കും അനുമതികൾക്കും രജിസ്ട്രേഷനുകൾക്കും ഉള്ള അപേക്ഷകൾ വേഗത്തിൽ ഫയൽ ചെയ്യുന്നതിനും പ്രോസസ്സ് ചെയ്യുന്നതിനും സർക്കാർ ഒരു പുതിയ വെബ്സൈറ്റ് ആരംഭിച്ചു. പേര് ?
  - **ബ്രോഡ്കാസ്റ്റ് സേവാ പോർട്ടൽ**
- ബ്രോഡ്കാസ്റ്റ് സേവാ പോർട്ടൽ ഉദ്ഘാടനം ചെയ്തത് ?
  - **അനുരാഗ് താക്കൂർ**
- അടിയന്തര ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് പോലീസ് സഹായം തേടുന്നതിന് വേണ്ടി തമിഴ്നാട് സർക്കാർ ആരംഭിച്ച ആപ്പ് ?
  - **കാവൽ ഉദവി**
- 2022 ഏപ്രിൽ 30-ന് വിരമിക്കുന്ന ഹർഷ് വർധൻ ശ്രിംഗ്ലയ്ക്ക് പകരമായി നിയമിതനാവുന്ന പുതിയ വിദേശകാര്യ സെക്രട്ടറി ?
  - **വിനയ് മോഹൻ ക്വാത്ര**
- വാഹനങ്ങളിൽ അമിത പ്രകാശമുള്ള ലൈറ്റുകളുടെ ഉപയോഗം തടയാൻ മോട്ടോർ വാഹന വകുപ്പ് ആരംഭിച്ച ഓപ്പറേഷൻ ?
  - **ഓപ്പറേഷൻ ഫോക്കസ്**
- ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റികിന് കേന്ദ്ര സർക്കാർ നിരോധനം ഏർപ്പെടുത്തുന്നത് ?@PSC_Talkz
  - **2022 ജൂലൈ 1**
- സമൂഹ്യ മാധ്യമമായ ടിറ്ററിൻ്റെ 9.2 ശതമാനം ഓഹരി സ്വന്തമാക്കിയ ശതകോടീശ്വരൻ ?
  - **ഇലോൺ മസ്ക്**
- സെൻറർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമി റിപ്പോർട്ട് പ്രകാരം രാജ്യത്തെ ഏറ്റവും കുറഞ്ഞ തൊഴിലില്ലായ്മ നിരക്കുള്ള സംസ്ഥാനങ്ങളിൽ ഒന്നാമത് ?
  - **ഛത്തീസ്ഗഡ് ( 0.6 % )**
- സെൻറർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമി റിപ്പോർട്ട് റിപ്പോർട്ട് പ്രകാരം കേരളത്തിൻറെ സ്ഥാനം ? @PSC_Talkz
  - **9 ( 6.7% )**
- മധ്യ അമേരിക്കൻ രാജ്യമായ കോസ്റ്റോറിക്ക യുടെ 49-മത് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടത് ?@PSC_Talkz
  - **റോഡ്രിഗോ ഷാവ്സ്**

- ഹംഗറിയുടെ പ്രധാനമന്ത്രിയായി ചുമതലയേൽക്കുന്നത് ?@PSC_Talkz
  - **വിക്ടർ ഒർബാൻ**
- പുതിയ സെർബിയൻ പ്രസിഡൻറ് ?
  - **അലക്സാണ്ടർ വൂചിച്ച്**
- 64 മത് ഗ്രാമി പുരസ്കാരത്തിൽ Song of the year , Record of the year പുരസ്കാരം നേടിയത്
  - **ലീവ് ദ ഡോർ ഓപ്പൺ ( സിൽക്ക് സോണിക്ക് )**
- 64 മത് ഗ്രാമി പുരസ്കാരത്തിൽ മികച്ച പുതിയആൽബം വിഭാഗത്തിൽ പുരസ്കാരം കിട്ടിയ ഇന്ത്യൻ വംശജൻ ?@PSC_Talkz
  - **റിക്കി കേജ് ( ഡിവൈൻ ടൈഡ്സ് )**
- 64 മത് ഗ്രാമി പുരസ്കാരത്തിൽ മികച്ച കുട്ടികളുടെ ആൽബം വിഭാഗത്തിൽ പുരസ്കാരം കിട്ടിയ ഇന്ത്യൻ വംശജ ? @PSC_Talkz
  - **ഫാൽഗുനി ഷാ ( A Colourful World )**
- ഇന്ത്യയുടെ പുതിയ വിദേശകാര്യ സെക്രട്ടറി ?@PSC_Talkz
  - **വിനയ് മോഹൻ ക്വാത്ര**
- കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രി ? **ഭൂപേഷ് യാദവ്**
- " Not Just a Night Watchman " എന്ന കൃതി ആരുടേതാണ് ?
  - **വിനോദ് റായി**
- " അനുഭവങ്ങൾ ഓർമ്മകൾ " എന്ന പുസ്തകം ആരുടേതാണ് ?
  - **പി കരുണാകരൻ**
- സമ്പൂർണ്ണ ഔഷധസസ്യ ഗ്രാമമായി പ്രഖ്യാപിച്ച പഞ്ചായത്ത് ?
  - **മറയൂർ**
- 2022 മിയാമി ഓപ്പൺ ടെന്നീസ് കിരീടം നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം ?
  - **കാർലോസ് അൽകാരസ്**

## APRIL7

- റവന്യൂ ദുരന്തനിവാരണ വകുപ്പിന്റെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുന്നതിന് വേണ്ടി കേരള സർക്കാർ പുറത്തിറക്കിയ മാസിക ? @PSC_Talkz
  - **ഭൂമിക**
- സത്യജിത് റായ് ഫിലിം സൊസൈറ്റിയുടെ പ്രഥമ സത്യജിത് റായ് ഗോൾഡൺ ആർക്ക് പുരസ്ക്കാരത്തിൽ മികച്ച ഗാനരചയിതാവിനുള്ള പുരസ്ക്കാരം ലഭിച്ചത്
  - **പ്രഭാവർമ്മ**

- സത്യജിത് റായ് ഫിലിം സൊസൈറ്റിയുടെ പ്രഥമ സത്യജിത് റായ് ഗോൾഡൺ ആർക്ക് പുരസ്ക്കാരത്തിൽ മികച്ച ചിത്രമായി തിരഞ്ഞെടുത്തത് ? @PSC_Talkz
  - **ഹോളി ഫാദർ**
- 2022 ലെ ലോകാരോഗ്യ ദിനത്തിന്റെ (7 ഏപ്രിൽ)പ്രമേയം എന്താണ് ? @PSC_Talkz
  - **Our Planet,Our Health**
- 'ബിർസ മുണ്ട-ജൻജാതിയ നായക്' എന്ന പുസ്തകത്തിന്റെ രചയിതാവ് ആരാണ് ?
  - **പ്രൊഫ. അലോക് ചക്രവാൾ**
- ഛത്തീസ്ഗഢിലെ ബിലാസ്പൂരിലെ ഗുരു ഘാസിദാസ് വിശ്വവിദ്യാലയത്തിലെ വൈസ് ചാൻസലർ ? @PSC_Talkz
  - **പ്രൊഫ. അലോക് ചക്രവാൾ**
- എച്ച്ഡിഎഫ്സി ലിമിറ്റഡ് എച്ച്ഡിഎഫ്സി ബാങ്കുമായി ലയിച്ചതിന് ശേഷം, ലയിപ്പിച്ച സ്ഥാപനത്തിലെ പൊതു ഓഹരി ഉടമകളുടെ പങ്ക് എത്രയായിരിക്കും ?
  - **100%**
- ഏത് സംസ്ഥാനത്താണ് ഗംഗൗർ ഉത്സവം ആഘോഷിക്കുന്നത് ?
  - **രാജസ്ഥാൻ**
- ടാറ്റ പവർ റിന്യൂവബിൾസ് എനർജി ലിമിറ്റഡ്, ഇന്ത്യയിലെ ഏറ്റവും വലിയ സിംഗിൾ ആക്സിസ് സോളാർ ട്രാക്കർ സംവിധാനമുള്ള 300 മെഗാവാട്ട് പദ്ധതി ഏത് സംസ്ഥാനത്താണ് കമ്മീഷൻ ചെയ്തത് ?
  - **ഗുജറാത്ത്**
- ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് സ്ഥാനത്തേക്ക് മുൻനിരക്കാരനായി കണക്കാക്കപ്പെടുന്ന നിലവിലെ ആർമി ചീഫ് ജനറൽ എം. നരവാനെ ഈ മാസം അവസാനത്തോടെ വിരമിക്കാനിരിക്കെ, കരസേനാ മേധാവിയാകാൻ ഒരുങ്ങുന്നത് ? @PSC_Talkz
  - **മനോജ് പാണ്ഡെ**
- 2021 ലെ മികച്ച വനിതാ മാധ്യമ പ്രവർത്തകനുള്ള ചമേലി ദേവി ജെയിൻ അവാർഡ് ലഭിച്ച മുംബൈയിൽ നിന്നുള്ള പത്രപ്രവർത്തക ?
  - **ആരേഫ ജോഹാരി**
- കേരളത്തിൽ നടന്ന ഫെഡറേഷൻ കപ്പ് അത്‌ലറ്റിക്സിൽ 8.36 മീറ്റർ ചാടി പുരുഷന്മാരുടെ ലോങ്ജമ്പിൽ സ്വന്തം ദേശീയ റെക്കോർഡ് തിരുത്തിയത് ?
  - **എം. ശ്രീശങ്കർ**

- 2022 ലെ മിയാമി ഓപ്പൺ ടെന്നീസ് ടൂർണ്ണമെന്റിൽ ജേതാവായ പുരുഷ താരം ?
    - **കാർലോസ് അൽക്കാരസ്**
- ഗ്രാമി അവാർഡ് നേടുന്ന ആദ്യ പാക്കിസ്ഥാൻ സംഗീതജ്ഞ ? @PSC_Talkz
    - **അരൂജ് അഫ്താബ്**
- 2022 ഏപ്രിലിൽ ഇന്ത്യൻ രാഷ്ട്രപതി നയതന്ത്രത്തിന്റെ 75ആം വാർഷികത്തിന്റെ ഭാഗമായി സന്ദർശിച്ച യൂറോപ്യൻ രാജ്യം ? @PSC_Talkz
    - **നെതർലാന്റ്**
- ഐ.പി.എല്ലിലെ അതിവേഗ അർധസെഞ്ചുറി (14 പന്തുകളിൽ) നേടുന്ന താരം എന്ന റെക്കോർഡ് കെ.എൽ.രാഹുലിനൊപ്പം റെക്കോഡ് പങ്കിട്ടത് ? @PSC_Talkz
    - **പാറ്റ് കമ്മിൻസ് (കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് )**
- 2022 ഏപ്രിൽ ഫോബ്സ് റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും വലിയ സമ്പന്നൻ
    - **ഇലോൺ മസ്ക്**
- 2022 ഏപ്രിൽ ഫോബ്സ് റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ഏറ്റവും വലിയ സമ്പന്നൻ ?
    - **മുകേഷ് അംബാനി**
- 2022 ഏപ്രിൽ ഫോബ്സ് റിപ്പോർട്ട് പ്രകാരം ഏറ്റവും വലിയ സമ്പന്നരിൽ ഉൾപ്പെട്ട മലയാളി ?
    - **എം എ യൂസഫലി**
- ഇന്ത്യയിൽ നിന്ന് ബ്രഹ്മോസ് മിസൈൽ വാങ്ങുന്ന ആദ്യ വിദേശ രാജ്യം ?
    - **ഫിലിപ്പെൻസ്**
- രാജ്യത്ത് ആദ്യമായി സ്കൂളുകളിൽ കാലാവസ്ഥാ നിരീക്ഷണകേന്ദ്രം ആരംഭിക്കുന്ന സംസ്ഥാനം ? @PSC_Talkz
    - **കേരളം**
- സൗരോർജത്തിൽ പ്രവർത്തിക്കുന്ന സ്മാർട്ട് സോളാർ വികസിപ്പിച്ച എൻ ഐ ടി ?
    - **കാലിക്കറ്റ്**
- ദേശീയ മാരിടൈം ദിനം ?
    - **ഏപ്രിൽ 5**
- സത്യജിത്ത് റേ ഫിലിം സൊസൈറ്റിയുടെ പ്രഥമ സത്യജിത് റെ ഗോൾഡൻ ആർക്ക് പുരസ്കാരത്തിൽ മികച്ച യാത്രാവിവരണത്തിനുള്ള പുരസ്കാരം ?
    - **K R അജയൻ ( ആരോഹണം ഹിമാലയം )**

01
10th LEVEL PRELIMS
DAILY MOCK TEST

02
SCERT FULL MOCK
TEST

03
DAILY CURRENT
AFFAIRS

04
ANSWER MARKED PDF
QUESTION PAPERS

Join us on Telegram

GET IT ON Google Play

CAPTAIN TALKZ.in

FREE PSC TALKZ.in

Subscribe

- കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ പുനരുജ്ജീവനത്തിന് സംസ്ഥാന സർക്കാർ കുടുംബശ്രീ വഴി നടപ്പാക്കുന്ന പദ്ധതി
    - **പ്രവാസി ഭദ്രത ലോൺ**
- കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ?@PSC_Talkz
    - **പി എസ് രാജൻ**

## APRIL 8

- പ്രസിഡന്റ് രാം നാഥ് കോവിന്ദ് തന്റെ ആംസ്റ്റർഡാം സന്ദർശന വേളയിൽ യൂറോപ്പിന്റെ പൂന്തോട്ടം എന്നറിയപ്പെടുന്ന ക്യൂകെൻഹോഫിലെ മഞ്ഞ ടുലിപ് പുഷ്പത്തിന് നൽകിയ പേര് ?
    - **മൈത്രി**
- നെതർലാൻഡ്സ് പ്രധാനമന്ത്രി ? @PSC_Talkz
    - **മാർക്ക് റുട്ടെ**
- 1988-ൽ രാഷ്ട്രപതി വെങ്കിട്ടരാമന്റെ സന്ദർശനത്തിന് 34 വർഷങ്ങൾക്ക് ശേഷം നെതർലൻഡ്സ് സന്ദർശിക്കുന്ന ആദ്യ രാഷ്ട്രപതി ? @PSC_Talkz
    - **രാം നാഥ് കോവിന്ദ്**
- Not Just A Night Watchman എന്ന പുസ്തകം എഴുതിയ മുൻ CAG ? @PSC_Talkz
    - **വിനോദ് റായ്**
- 2022 ഏപ്രിലിൽ വിക്ഷേപിച്ചു ഇന്ത്യയുടെ ആദ്യ സ്വകാര്യ വാണിജ്യ ഇമേജിംഗ് സാറ്റലൈറ്റ് ? @PSC_Talkz
    - **ശകുന്തള (TD-2)**
- പുതിയ റിപ്പോർട്ടുകൾ പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിൽരഹിതർ ഉള്ള സംസ്ഥാനം ? @PSC_Talkz
    - **ഹരിയാന**
- സ്കൂളുകളിൽ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം ? @PSC_Talkz
    - **കേരളം**
- സെമി കണ്ടക്ടറുടെ ഉൽപാദനത്തിലും രൂപകല്പനയിലും രാജ്യത്തെ ആഗോളതലത്തിൽ മുന്നിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ഉപദേശക സമിതി രൂപീകരിച്ച പദ്ധതി ? @PSC_Talkz
    - **സെമികോൺ ഇന്ത്യ**

- വേൾഡ് റോഡ് സ്റ്റാറ്റിസ്റ്റിക്സ്(WRS) 2018 അനുസരിച്ച് റോഡപകടങ്ങളിൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം ? @PSC_Talkz
    - **ഇന്ത്യ**
- ഹോക്കി ഇന്ത്യ സീനിയർ പുരുഷ ദേശീയ ചാമ്പ്യൻഷിപ്പിന്റെ 12-ാം പതിപ്പിന് ഏത് നഗരമാണ് ആതിഥേയത്വം വഹിക്കുന്നത് ? @PSC_Talkz
    - **ഭോപ്പാൽ**
- ഒമ്പതാമത് ഇന്ത്യ-കിർഗിസ്ഥാൻ സംയുക്ത പ്രത്യേക സേനാ അഭ്യാസം ഏത് സംസ്ഥാനത്താണ് നടന്നത് ? @PSC_Talkz
    - **ഹിമാചൽ പ്രദേശ്**
- എസ്ബിഐയുടെ യോനോ, എച്ച്ഡിഎഫ്സി ബാങ്കിന്റെ പേസാപ്പ് എന്നിവയ്ക്ക് സമാനമായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ പുറത്തിറക്കിയ സൂപ്പർ ആപ്പിന്റെ പേര് ? @PSC_Talkz
    - **UnionNXT**
- യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ എംഡിയും സിഇഒയും ?
    - **രാജ്കിരൺ റായ് ജി**
- വികസനത്തിനും സമാധാനത്തിനുമുള്ള അന്താരാഷ്ട്ര കായിക ദിനം ആചരിക്കുന്നത് ? @PSC_Talkz
    - **2022ഏപ്രിൽ 6**
- ഈ വർഷത്തെ പ്രമേയം എന്താണ് ? @PSC_Talkz
    - **Securing a Sustainable and Peaceful Future for All: The Contribution of Sport**
- ഏത് ബാങ്കിന്റെ എംഡിയും സിഇഒയുമായി മുരളി എം. നടരാജനെ വീണ്ടും നിയമിക്കുന്നതിനാണ് ആർബിഐ അംഗീകാരം നൽകിയത് ? @PSC_Talkz
    - **ഡിസിബി ബാങ്ക്**
- യുവാക്കൾക്കിടയിൽ സ്വയം തൊഴിൽ ലഭ്യമാക്കാനുള്ള പദ്ധതിയായ ഉദ്യം ക്രാന്തി യോജന ആരംഭിച്ചത് ? @PSC_Talkz
    - **മധ്യപ്രദേശ്**
- എലിമെന്ററി, അപ്പർ പ്രൈമറി സ്കൂളുകളിൽ 100% പ്രവേശനം ഉറപ്പാക്കാൻ 'സ്കൂൾ ചലോ അഭിയാൻ' ആരംഭിച്ചത് ? @PSC_Talkz
    - **ഉത്തർപ്രദേശ്**

- ഹൈഡ്രജൻ കത്തിച്ച് 'ഗ്രീൻ' സ്റ്റീൽ നിർമ്മിക്കാനുള്ള പൈലറ്റ് പ്രോജക്ട് ആരംഭിച്ച രാജ്യം ഏതാണ് ? @PSC_Talkz
    - **സ്വീഡൻ**
- 'മേൻ ടു യഹാൻ ഹുൻ' എന്ന കവിതാസമാഹാരത്തിലൂടെ 2021-ലെ സരസ്വതി സമ്മാൻ പുരസ്കാരത്തിന് അർഹനായത് ?
    - **പ്രൊഫസർ രാംദരശ് മിശ്ര**
- സരസ്വതി സമ്മാനം നൽകുന്നത് ?
    - **കെ കെ ബിർള ഫൗണ്ടേഷൻ**
- കൊച്ചിയിൽ നിന്നും ലോക പര്യടനത്തിനായി പുറപ്പെട്ട ഇന്ത്യൻ നാവികസേനയുടെ പായ്ക്കപ്പൽ ?
    - **INS തരംഗിണി**
- ഐ എൻ എസ് തരംഗിണിയുടെ 14 രാജ്യ സന്ദർശന ദൗത്യത്തിൻ്റെ പേര് ?
    - **ലോകായൻ 2022**
- ഏഷ്യൻ ഡെവലപ്മെൻ്റ് ബാങ്കിൻറെ റിപ്പോർട്ട് പ്രകാരം 2022 - 23 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ജിഡിപി വളർച്ച ?
    - **7.5%**
- ഇസ്രായേൽ പ്രധാനമന്ത്രിയായ നാഫതാലി ബെന്നറ്റിൻ്റെ പാർട്ടി ?@PSC_Talkz
    - **യാമിന**
- ഭക്ഷ്യ സ്വയം പര്യാപ്തത ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതി ?@PSC_Talkz
    - **ഞങ്ങളും കൃഷിയിലേക്ക്**
- കേരള ചരിത്ര ഗവേഷണ കൗൺസിൽ നെതർലൻഡ്സ് മായി സഹകരിച്ച് നടപ്പാക്കുന്ന നൈപുണ്യ വികസന പദ്ധതി ?@PSC_Talkz
    - **കോസ്മോസ് മലബാറിക്കസ്**
- ഗംഗൗർ ഉത്സവം നടക്കുന്ന സംസ്ഥാനം ?
    - **ജയ്പൂർ , രാജസ്ഥാൻ**
- താളിയോല മ്യൂസിയം ആരംഭിക്കുന്നത് ? @PSC_Talkz
    - **തിരുവനന്തപുരം**
- യുവാക്കളെ മൂന്നുവർഷത്തേക്ക് സൈന്യത്തിലേക്ക് റിക്രൂട്ട് ചെയ്യുന്ന പദ്ധതി ?
    - **അഗ്നിപഥ് റിക്രൂട്ട്മെൻറ്**

- " കമ്മ്യൂണിസ്റ്റ് കേരളം " എന്ന പുസ്തകം ആരുടേതാണ് ?
  - **കെ ബാലകൃഷ്ണൻ**
- ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡൻറ് ?
  - **നരീന്ദർ ബത്ര**

## APRIL 9

- ആഭ്യന്തര യുദ്ധം രൂക്ഷമായതിനെത്തുടർന്ന് അധികാരമൊഴിഞ്ഞ യെമൻ പ്രസിഡന്റ് ? @PSC_Talkz
  - **അബ്ദുറബ്ബ് മൻസൂർ ഹാദി**
- 2022 ഏപ്രിലിൽ ചൈന വിക്ഷേപിച്ച എർത്ത് ഒബ്സർവേഷൻ സാറ്റലൈറ്റ് ?
  - **Gaofen3-03**
- UN മനുഷ്യാവകാശ സമിതിയിൽ നിന്നും പുറത്താക്കപ്പെട്ട ആദ്യ രാജ്യം ?
  - **റഷ്യ**
- Meta-യുടെ Facebook, Instagram തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ കണ്ടന്റ് അപ്ലോഡ് ചെയ്യുന്നവർക്ക് ഡിജിറ്റൽ കറൻസി ഉപയോഗിച്ച് പ്രതിഫലം നൽകുവാൻ മെറ്റ വികസിപ്പിക്കുന്ന പുതിയ ഡിജിറ്റൽ കറൻസി ? @PSC_Talkz
  - **Zuck Bucks**
- യുഎസ് സുപ്രീം കോടതിയിലെ ആദ്യത്തെ കറുത്ത വർഗക്കാരിയായി യുഎസ്എ സെനറ്റ് സ്ഥിരീകരിച്ചത് ? @PSC_Talkz
  - **കേതൻജി ബ്രൗൺ ജാക്സൺ**
- ഏത് സംസ്ഥാനം ആഘോഷിക്കുന്ന ഒരു ഗോത്രോത്സവമാണ് സർഹുൽ ?
  - **ജാർഖണ്ഡ്**
- കോയലിഷൻ ഫോർ ഡിസാസ്റ്റർ റെസിലിയന്റ് ഇൻഫ്രാസ്ട്രക്ചറിൽ (സിഡിആർഐ) ചേരുന്ന 30-ാമത്തെ രാജ്യം ഏതാണ് ? @PSC_Talkz
  - **മഡഗാസ്കർ**
- 'ദി മാവെറിക്ക് ഇഫക്റ്റ്' എന്ന പുസ്തകത്തിന്റെ രചയിതാവ് ആയ മുൻ നാസ്കോം ചെയർമാൻ ? @PSC_Talkz
  - **ഹരീഷ് മേത്ത**
- 84-ാം വയസ്സിൽ കെ കുമാരൻ എഴുതി സംവിധാനം ചെയ്ത 'ഗ്രാമവൃക്ഷത്തിലെ കുയിൽ' എന്ന സിനിമയിൽ കുമാരനാശാൻ ആയി അഭിനയിക്കുന്നത് ? @PSC_Talkz
  - **ശ്രീവൽസൻ ജെ മേനോൻ**

- ഓസ്ക്കർചടങ്ങുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് പത്ത് വർഷത്തേയ്ക്ക് വിലക്ക് നേരിട്ട നടൻ ? @PSC_Talkz
  - **വിൽ സ്മിത്ത്**
- ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യാവകാശ കൗൺസിൽ നിന്ന് പുറത്തായ രാജ്യം ?@PSC_Talkz
  - **റഷ്യ**
- 2022 ബുക്കർ പുരസ്കാരതിന്‍്റെ ചുരുക്കപ്പട്ടികയിൽ ഇടം നേടിയ ഹിന്ദി എഴുത്തുകാരി ?@PSC_Talkz
  - **ഗീതാഞ്ജലി ശ്രീ**
- " ടോംബ് ഓഫ് സാൻഡ്" ( മണൽ കുടീരം ) എന്ന കൃതി ആരുടേതാണ് ?@PSC_Talkz
  - **ഗീതാഞ്ജലി ശ്രീ**
- ഫേസ്ബുക്ക് പുറത്തിറക്കുന്ന ഡിജിറ്റൽ കറൻസി ? @PSC_Talkz
  - **സക്ക് ബക്സ്**
- ദേശീയതലത്തിൽ ഭൗതികശാസ്ത്രത്തിലെ മുൻ നിര ശാസ്ത്രജ്ഞന്മാരിൽ രണ്ടാമതായി എത്തിയ മലയാളി ?
  - **സാബു തോമസ്**
- മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ?
  - **സാബു തോമസ്**
- ദേശീയതലത്തിൽ ഭൗതികശാസ്ത്രത്തിലെ മുൻ നിര ശാസ്ത്രജ്ഞരിൽ ഒന്നാമത് എത്തിയത് ? @PSC_Talkz
  - **സി എൻ ആർ റാവു**
- ദേശീയ ശാസ്ത്ര ഉപദേശക സമിതി അധ്യക്ഷൻ ?@PSC_Talkz
  - **സി എൻ ആർ റാവു**
- നിലവിലെ കേരള മാരിടൈം ബോർഡ് ചെയർമാൻ ? **N Sപിള്ള**
- ചരിത്രത്തിലാദ്യമായി അമേരിക്കൻ സുപ്രീംകോടതിയില് ജഡ്ജി ആകുന്ന ആഫ്രിക്കൻ വംശജ ?
  - **കെറ്റൻജി ബ്രൗൺ ജാക്സൺ**
- ഗ്രാഫീന്‍്റെ ഉത്പാദനത്തിനും വികസനത്തിനും ആയുള്ള ഇന്ത്യൻ ഇന്നവേഷൻ സെൻറർ ഫോർ ഗ്രാഫീൻ ആരംഭിക്കുന്നത് ? @PSC_Talkz
  - **എറണാകുളം**

## APRIL 10

- റിവേഴ്സ് റിപ്പോ പോലെ ബാങ്കുകളുടെ അധികപണം ആർ ബി ഐയിൽ എത്തിക്കാനുള്ള സംവിധാനം ?
  - **S D F ( സ്റ്റാൻഡിങ് ഡെപ്പോസിറ്റ് ഫെസിലിറ്റി )**
- ഓസ്കാർ ചടങ്ങുകളിൽ നിന്ന് 10 വർഷത്തേക്ക് വിലക്കേർപ്പെടുത്തിയ ഓസ്കാർ ജേതാവായ ഹോളിവുഡ് താരം
  - **വിൽ സ്മിത്ത്**
- ബി ആർ അംബേദ്കറുടെ 131 ജന്മ വാർഷികത്തോടനുബന്ധിച്ച് 70 അടി ഉയരമുള്ള വിജ്ഞാന പ്രതിമ സ്ഥാപിച്ചത് ?
  - **ലാത്തൂർ , മഹാരാഷ്ട്ര**
- ഇ സൈക്കിളുകൾക്ക് സബ്സിഡി പ്രഖ്യാപിച്ച സർക്കാർ ?
  - **ഡൽഹി**
- ഇന്ധനക്ഷമതയിലെ മികവിന് കേന്ദ്ര സർക്കാർ നൽകുന്ന പുരസ്കാരം ?
  - **സാക്ഷം**
- പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷൻ ഏർപ്പെടുത്തിയ സാക്ഷം പുരസ്കാരം ലഭിച്ചത് ? @PSC_Talkz
  - **കെഎസ്ആർടിസി**
- വിനോദ തീർത്ഥയാത്രകൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെയുള്ള ദക്ഷിണ റെയിൽവേയുടെ പദ്ധതി?
  - **ഭാരത് ഗൗരവ് ട്രെയിൻ ( കോയമ്പത്തൂർ - ഷിർഡി റൂട്ട് )**
- ഇന്ത്യയിൽ വെള്ളത്തിനടിയിലെ ആദ്യ മെട്രോ തുരങ്കം നിലവിൽ വരാൻ പോകുന്നത് ?
  - **കൊൽക്കത്ത**
- പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കമിട്ട ഏത് പദ്ധതിയാണ് അടുത്തിടെ 7 വർഷം (8 ഏപ്രിൽ) പൂർത്തിയാക്കിയത് ? @PSC_Talkz
  - **പ്രധാനമന്ത്രി മുദ്ര യോജന**
- ഏത് ദിവസമാണ് 57-ാമത് CRPF ധീര ദിനം (valour day) ആചരിക്കുന്നത് ?
  - **9 ഏപ്രിൽ**
- 2022ലെ ലോക ഹോമിയോപ്പതി ദിനത്തിന്റെ (10 ഏപ്രിൽ ) പ്രമേയം ?
  - **People's Choice For Wellness**

- ഭക്ഷ്യനഷ്ടം പരിഹരിക്കുന്നതിനുള്ള നൂതന പരിഹാരങ്ങൾക്കായി സോഷ്യൽ ആൽഫയുമായി സഹകരിക്കുന്ന ബാങ്ക് ? **DBS Bank**
- സാങ്കേതിക സ്റ്റാർട്ടപ്പ് ആയ സോഷ്യൽ ആൽഫ യുടെ ആസ്ഥാനം ?
  - **ബെംഗളുരു**
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സിലെ (ഐഐഎ) ശാസ്ത്രജ്ഞരും ഫ്രാൻസിൽ നിന്നുള്ള ഗവേഷകരും ചേർന്ന് കണ്ടെത്തിയ പുതിയ ഗാലക്സി ?
  - **UVIT J2022**
- ഒഡീഷ തീരത്ത് ചാന്ദിപൂരിലെ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ (ഐടിആർ) സോളിഡ് ഫ്യൂവൽ ഡക്റ്റഡ് റാംജെറ്റ് (എസ്എഫ്ഡിആർ) ബൂസ്റ്റർ മിസൈൽ സംവിധാനം വിജയകരമായി പരീക്ഷിച്ചത് ? @PSC_Talkz
  - **ഡിആർഡിഒ**
- കോവിഡിന്റെ പുതിയ വകഭേദമായ XE സ്ഥിരീകരിച്ചതായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് India Today റിപ്പോർട്ട് ചെയ്തത് ?
  - **ഗുജറാത്ത്**
- മുംബൈ ഭീകരാക്രമണത്തിന്റെ സൂത്രധാരൻ Hafiz Saeed-ന് 31 വർഷം തടവ് ശിക്ഷ വിധിച്ചത് ?
  - **പാക്കിസ്ഥാനിലെ ഭീകരവാദ വിരുദ്ധ കോടതി**
- ദേശീയസഭയിൽ പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസായതോടെ പുറത്തായ പാകിസ്ഥാൻ പ്രധാനമന്ത്രി ? @PSC_Talkz
  - **ഇമ്രാൻ ഖാൻ**
- പുരപ്പുറ സൗരോർജ ഉത്പാദനപദ്ധതി നടപ്പാക്കുന്നതിലെ പ്രവർത്തന മികവിന് ഇ-ക്യൂ ഇൻററർനാഷണൽ മാഗസിൻ ഏർപ്പെടുത്തിയ അവാർഡ് ലഭിച്ചത് ?
  - **കെ.എസ്.ഇ.ബി.**
- ബാലസാഹിതീ പ്രകാശൻ ഏർപ്പെടുത്തിയ ഈ വർഷത്തെ കുഞ്ഞുണ്ണി പുരസ്കാരത്തിന് അർഹനായ മജീഷ്യൻ ?
  - **ഗോപിനാഥ് മുതുകാട്**

## APRIL 11

- അടുത്തിടെ യൂറോപ്യൻ യൂണിയൻ ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ ടാഗ് (ജിഐ ടാഗ്) നേടിയത് ? @PSC_Talkz
  - **കാൻഗ്ര ടീ ( ഹിമാചൽ പ്രദേശ്)**

- കാൻഗ്ര ടീയ്ക്ക് ഇന്ത്യൻ ജിഐ ടാഗ് ലഭിച്ച വർഷം ?
  - **2005-ൽ**
- 2022-ലെ വേൾഡ് പ്രസ് ഫോട്ടോ ഓഫ് ദ ഇയർ പുരസ്കാരം നേടിയ കനേഡിയൻ ഫോട്ടോഗ്രാഫർ ? @PSC_Talkz
  - **ആംബർ ബ്രാക്കൻ**
- ആംബർ ബ്രാക്കന് പുരസ്കാരം നേടിക്കൊടുത്ത ചിത്രം ?
  - **ബ്രിട്ടീഷ് കൊളംബിയയിലെ കംലൂപ്സ് ഇന്ത്യൻ റെസിഡൻഷ്യൽ സ്കൂളിൽ ക്രൂരതയെ തുടർന്ന് കുട്ടികൾ മരിക്കുന്നത്**
- അവിശ്വാസത്തിലൂടെ പുറത്താകുന്ന ആദ്യ പാക് പ്രധാനമന്ത്രി ?
  - **ഇമ്രാൻ ഖാൻ**
- അഴിമതി വിരുദ്ധ മൊബൈൽ ആപ്പ് ആയ 1064 പുറത്തിറക്കിയ സംസ്ഥാനം ?
  - **ഉത്തരാഖണ്ഡ്**
- സിപിഎം പൊളിറ്റ് ബ്യൂറോയിൽ ആദ്യ ദലിത് പ്രതിനിധിയായത് ?
  - **ഡോ.രാമചന്ദ്ര ദോം**
- മുതിർന്ന സിപിഎം നേതാവും മുൻ സംസ്ഥാന വനിതാ കമ്മീഷൻ അധ്യക്ഷയും ആയ വ്യക്തി അന്തരിച്ചു. പേര് ? @PSC_Talkz
  - **എം.സി ജോസഫൈൻ**
- സിപിഎം ജനറൽ സെക്രട്ടറിയായി സീതാറാം യച്ചൂരി തുടരും. എത്രാമത്തെ തവണയാണ് അദ്ദേഹം ഈ പദവിയിലെത്തുന്നത് ?
  - **മൂന്നാം തവണ**
- യുവാക്കൾക്ക് മൂന്നുവർഷത്തേക്ക് കരസേനയിൽ സന്നദ്ധസേവനം അനുഷ്ഠിക്കാനായി കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുന്ന പദ്ധതി ?
  - **അഗ്നിപഥ്**
- ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യക്കാരെ നിരീക്ഷിക്കാൻ ഉണ്ടാക്കിയ തടവുകാരെ തിരിച്ചറിയൽ നിയമം ഭേദഗതി ചെയ്ത് കടുത്ത വ്യവസ്ഥകളോടെ രാജ്യസഭ പാസാക്കി.എന്താണ് ഈ ബില്ലിന്റെ പേര് ? @PSC_Talkz
  - **ക്രിമിനൽ നടപടി (തിരിച്ചറിയൽ) ബിൽ 2022**
- കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് സർവ്വീസ് ഫ്ലാഗ് ഓഫ് ചെയ്യുന്നത് ?
  - **പിണറായി വിജയൻ**

- കേരള ചരിത്ര ഗവേഷണ കൗൺസിൽ, നെതർലൻഡ് നാഷണൽ ആർക്കൈവ്സ്, നെതർലാൻഡിലെ ലെയ്ഡൻ സർവകലാശാല എന്നിവരുമായി സഹകരിച്ച് നടപ്പാക്കുന്ന പഠന പദ്ധതി ?
  - **കോസ്മോസ് മലബാറിക്കസ്**
- അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കപ്പെട്ട ആദ്യ പാകിസ്ഥാൻ പ്രധാനമന്ത്രി ?
  - **ഇമ്രാൻ ഖാൻ**
- പാകിസ്ഥാൻ പ്രധാനമന്ത്രിയായ ഇമ്രാൻ ഖാൻ്റെ പാർട്ടി ?
  - **തെഹരിക് ഇ ഇൻസാഫ്**
- കോവിഡിൻ്റെ പുതിയ വകഭേദമായ എക്സ് ഇ സ്ഥിരീകരിച്ചത് ?
  - **ഗുജറാത്ത്**
- ബിറ്റ് കോയിൻ നിയമപരമായി അംഗീകരിച്ച രണ്ടാമത്തെ രാജ്യം ?
  - **ഹോണ്ടുറാസ് ( ആദ്യം - എൽസാൽവദോർ )**
- ഏഷ്യയിലെ ഏറ്റവും വലിയ ഇലക്ട്രിക് ട്രക്ക് നിർമ്മാണ കേന്ദ്രം സ്ഥാപിതമാകുന്നത് ?
  - **ഗുജറാത്ത്**
- രാജസ്ഥാനിലെ പൊക്രാനിൽ കരസേനയും DRDO യും ചേർന്ന് പരീക്ഷണ വിക്ഷേപണം നടത്തിയ റോക്കറ്റ്? @PSC_Talkz
  - **പിനാക**
- Surface to surface ( ഉപരിതല ) മീഡിയം റേഞ്ച് ബാലിസ്റ്റിക് മിസൈലായ ഷഹീൻ 3 വിജയകരമായി പരീക്ഷിച്ച രാജ്യം ? @PSC_Talkz
  - **പാകിസ്ഥാൻ**
- 2023 ലെ G - 20 ഉച്ചകോടിയുടെ കോർഡിനേറ്റർ ആയി നിയമിച്ചത് ?
  - **ഹർഷ വർധൻ ശൃംഗ്ല**
- രാജ്യത്ത് ആദ്യമായി വൈദ്യുത വാഹനങ്ങളെക്കുറിച്ചുള്ള കോഴ്സുകൾ പഠിപ്പിക്കാൻ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ( അസാപ് ) മികവിൻ്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് ?
  - **തവനൂർ ( മലപ്പുറം ) , കുന്നന്താനം ( പത്തനംതിട്ട )**
- " മഹാപ്രളയം " എന്ന പുസ്തകം എഴുതിയത് ആര് ? **B സന്ധ്യ**
- " സോളാർ മാൻ ഓഫ് ഇന്ത്യ " എന്നറിയപ്പെടുന്ന വ്യക്തി ? @PSC_Talkz
  - **ചേതൻ സിംഗ് സോളങ്കി**

- 2022ലെ ലെ മണിപ്പൂർ സംസ്ഥാന ഫിലിം അവാർഡ് ബെസ്റ്റ് ആക്ടർ അവാർഡ് നേടിയ ട്രാൻസ്ജെൻഡർ നായിക ?
  - **Bishesh Huirem**
- നിലവിലെ മണിപ്പൂർ ഗവർണർ ?
  - **ലാ ഗണേശൻ**
- രാഷ്ട്രപതി രാംനാഥ് കോവിന്ദ് നെതർലാൻഡ്സ് ഉപപ്രധാനമന്ത്രി വോപ് കെ ഹോക്സ്ട്രയുമായി ചേർന്ന് നെതർലാൻഡിലെ പുതിയ ഇനം മഞ്ഞ ടുലിപ് ബ്രീഡിന് നൽകിയ പേര് ? @PSC_Talkz
  - **മൈത്രി**
- ഇക്കൂ ഇൻ്ററർനാഷണൽ മാഗസിൻ പുരസ്കാരം ലഭിച്ചത് ? @PSC_Talkz
  - **കെ എസ് ഇ ബി യുടെ പുരപ്പുറ സോളാർ പദ്ധതിക്ക്**

## APRIL 12

- 2022-ലെ ദേശീയ സുരക്ഷിത മാതൃത്വ ദിനത്തിന്റെ (ഏപ്രിൽ 11) പ്രമേയം ?
  - **Remain at home amid corona virus, protect mother and infant from corona virus**
- മനുഷ്യ ബഹിരാകാശ പറക്കലിന്റെ അന്താരാഷ്ട്ര ദിനം എല്ലാ വർഷവും ആഗോളതലത്തിൽ ആഘോഷിക്കുന്നത് ?
  - **ഏപ്രിൽ 12 ന്**
- എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യപരിശോധനാ ലാബുള്ള ആദ്യ സംസ്ഥാനം ?
  - **കേരളം**
- ഏപ്രിൽ 9-ന് അന്തരിച്ച, 1980കളിൽ "കേരളത്തിന്റെ മസ്തിഷ്കം" എന്ന പദവി നേടിയെടുത്ത ക്വിസ് മാസ്റ്ററും മാർ ഇവാനിയോസ് കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് മുൻ മേധാവിയും ആയിരുന്ന വ്യക്തി ? @PSC_Talkz
  - **അബ്രഹാം ജോസഫ്**
- അടുത്തിടെ ഫ്ലൈറ്റ് ടെസ്റ്റ് വിജയകരമായി പൂർത്തിയാക്കിയ ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ടാങ്ക് വേധ മിസൈൽ ?
  - **ഹെലിന**
- പ്രദീപ് കുമാർ ജോഷിയുടെ പിൻഗാമിയായി യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (യുപിഎസ്‌സി) ചെയർമാനായത് ?
  - **ഡോ. മനോജ് സോണി**

- UPSCയുടെ എത്രാമത്തെ ചെയർമാനാണ് ഡോ. മനോജ് സോണി ?
  - **31-ാമത്**
- പന്മന ആശ്രമം നൽകുന്ന ശ്രീവിദ്യാധിരാജ പുരസ്കാരത്തിന് അർഹനായത് ?
  - **ഡോ.എ.എം.ഉണ്ണികൃഷ്ണൻ**
- ഡോ.എ.എം.ഉണ്ണികൃഷ്ണനെ ശ്രീവിദ്യാധിരാജ പുരസ്കാരത്തിന് അർഹനാക്കിയ പുസ്തകം ?
  - **ചട്ടമ്പിസ്വാമി പഠനങ്ങൾ**
- 2022 ഏപ്രിലിൽ അവിശ്വാസ പ്രമേയത്തെ തുടർന്ന് പുറത്താക്കപ്പെട്ട പാക്കിസ്ഥാൻ പ്രധാനമന്ത്രി ഇമ്രാൻഖാന്റെ പാർട്ടി ? @PSC_Talkz
  - **തെഹ്രിക് ഇ ഇൻസാഫ്**
- പാക്കിസ്ഥാന്റെ പുതിയ പ്രധാനമന്ത്രിയായി തിരഞ്ഞെടുത്തത് ?
  - **ഷഹബാസ് ഷെരീഫ് (23-ാമത് )**
- ഷഹബാസ് ഷെരീഫ് നേതൃത്വം നൽകുന്ന പാർട്ടി ?
  - **പാകിസ്ഥാൻ മുസ്ലീം ലീഗ് നവാസ് (പിഎംഎൽഎൻ)**
- ബോക്സ് ഓഫീസിൽ ആഗോള തലത്തിൽ 1000 കോടി രൂപയിലേറെ കളക്ഷൻ നേടുന്ന മൂന്നാമത്തെ ഇന്ത്യൻ സിനിമ ? @PSC_Talkz
  - **RRR**
- 11-ാമത് DGC ലേഡീസ് ഓപ്പൺ അമച്വർ ഗോൾഫ് ചാമ്പ്യൻഷിപ്പ് നേടിയത് ?
  - **റിയ ജാദൻ**
- റിയ ജാദൻ പരാജയപ്പെടുത്തിയ മൂത്ത സഹോദരി ?
  - **ലാവണ്യ ജാദൻ**
- മെൽബണിൽ നടന്ന ഫോർമുല വൺ ഓസ്ട്രേലിയൻ ഗ്രാൻഡ് പ്രീയിൽ ജേതാവായ ഫെരാരി ഡ്രൈവർ ?
  - **ചാൾസ് ലെക്ലെർക്ക്**
- DRDO സോളിഡ് ഫ്യുവൽ ഡക്റ്റഡ് റാംജെറ്റ് (SFDR) വിജയകരമായി പരീക്ഷിച്ചു. ഈ സാങ്കേതികവിദ്യയുടെ പരിധി ? **350 കി.മീ**
- വായ്പകളിലും അഡ്വാൻസുകളിലും ചില വ്യവസ്ഥകൾ ലംഘിച്ചതിന് ആർബിഐ അടുത്തിടെ 93 ലക്ഷം രൂപ പിഴ ചുമത്തിയ ബാങ്ക് ? @PSC_Talkz
  - **ആക്സിസ് ബാങ്ക്**

- പാൽ ഉൽപ്പാദകർക്ക് കൂടുതൽ സാമ്പത്തിക ശക്തി പ്രദാനം ചെയ്യുന്നതിന് 'നന്ദിനി ക്ഷീര സമൃദ്ധി സഹകരണ ബാങ്ക്' സ്ഥാപിച്ച സംസ്ഥാനം ?
  - **കർണാടക**
- അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ മാർച്ചിലെ താരമായി തിരഞ്ഞെടുക്കപ്പെട്ട പുരുഷ താരം ?
  - **ബാബർ അസം (പാകിസ്ഥാൻ)**
- അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ മാർച്ചിലെ താരമായി തിരഞ്ഞെടുക്കപ്പെട്ട വനിതാ താരം ?
  - **റെയ്ച്ചൽ ഹെയ്ൻസ് (ഓസ്ട്രേലിയ)**
- റൺസ് നേടാൻ ഒരു ബാറ്റർ തപ്പിത്തടഞ്ഞാൽ, അയാളെ റിട്ടയേർഡ് ഔട്ടാക്കി സാഹചര്യത്തിന് ഇണങ്ങുന്ന മറ്റൊരു ബാറ്ററെ ഇറക്കാൻ കഴിയും. ഈ രീതിയിൽ ഐപിഎല്ലിൽ റിട്ടയേർഡ് ഔട്ട് ആയ ആദ്യ ബാറ്റർ ? @PSC_Talkz
  - **രവിചന്ദ്രൻ അശ്വിൻ (രാജസ്ഥാൻ റോയൽസ്)**
- വൈദ്യുതിമേഖലയിലെ കാര്യക്ഷമതയിൽ ഒന്നാംസ്ഥാനം നേടിയത് ?
  - **ഗുജറാത്ത് (കേരളം രണ്ടാമത്)**
- " ജാക്ക് ഹിഗ്ഗിൻസ് " എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന അന്തരിച്ച ബ്രിട്ടീഷ് എഴുത്തുകാരൻ ?
  - **ഹെൻട്രി പാറ്റേഴ്സൺ**
- രണ്ടാം ലോകമഹായുദ്ധ കാലത്ത് ബ്രിട്ടീഷ് പ്രധാനമന്ത്രി സർ വിൻസൺ ചർച്ചിലിനെ തട്ടിക്കൊണ്ടുപോകാൻ ഉള്ള നാസി ഗൂഢാലോചന ഇതിവൃത്തമാക്കി ഹെൻറി പാറ്റെഴ്സൺ രചിച്ച നോവൽ ? @PSC_Talkz
  - **The Eagle has landed**
- ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻറെ പുതിയ റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന ഭക്ഷ്യ വിള ?
  - **കപ്പ**
- കേരളത്തിൽ ഏറ്റവും കൂടുതൽ കപ്പ കൃഷി ചെയ്യുന്ന ജില്ല ?
  - **കൊല്ലം**
- വൈദ്യുതി സംബന്ധമായ സേവനങ്ങൾ ഉപഭോക്താക്കൾക്ക് ഓഫീസ് സന്ദർശിക്കാതെ തന്നെ ലഭ്യമാക്കുന്നതിനായി കെഎസ്ഇബി ആരംഭിച്ച ടോൾ ഫ്രീ നമ്പർ ? **1912**

- 2021 - 22 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ സമുദ്രോൽപ്പന്ന കയറ്റുമതി നടത്തിയ സംസ്ഥാനം ?
    - **ആന്ധ്രാ പ്രദേശ്**
- മുൻ ഇന്ത്യൻ പ്രധാനമന്ത്രി മാരുടെ വ്യക്തിഗത ശേഖരത്തിലുള്ള ഉപഹാരങ്ങളും സ്മരണകളും ഉൾക്കൊള്ളിച്ച നിർമ്മിച്ച മ്യൂസിയം ? @PSC_Talkz
    - **പ്രധാനമന്ത്രി സംഗ്രഹാലയം**
- കേന്ദ്ര സംഗീത നാടക അക്കാദമിയുടെ 2018ലെ മോഹിനിയാട്ട ത്തിനുള്ള പുരസ്കാരം നേടിയത് ?
    - **ഗോപിക വർമ്മ**
- കേന്ദ്ര സംഗീത നാടക അക്കാദമിയുടെ 2018 കൂടിയാട്ടത്തിനുള്ള പുരസ്കാരം നേടിയത് ?
    - **A M പരമേശ്വരൻ**
- 2022 ഫോർമുല വൺ കാറോട്ടത്തിലെ ഓസ്ട്രേലിയൻ ഗ്രാൻഡ് പ്രീ കിരീടം നേടിയത് ?
    - **ചാൾസ് ലെക്ലർക്ക്**
- 2022 വനിതാ ജൂനിയർ ഹോക്കി ലോകകപ്പ് വേദി ?
    - **ദക്ഷിണാഫ്രിക്ക**
- 71 മത് ദേശീയ ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗം കിരീടം നേടിയത് ?
    - **തമിഴ്നാട്**
- 71 മത് ദേശീയ ബാസ്ക്കറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗം കിരീടം നേടിയത് ?
    - **റെയിൽവേസ്**
- കേരള പ്രീമിയർ ലീഗ് ഫുട്ബോൾ ടൂർണ്ണമെൻറ് കിരീടം നേടിയത് ?
    - **ഗോൾഡൻ ത്രെഡ്സ്**

## APRIL 13

- ഇന്ത്യയിൽ പൂർണ്ണമായി നിർമ്മിച്ച ആദ്യ വാണിജ്യ വിമാനം ?
    - **ഡോണിയർ ഡീ ഒ 228**
- ഡോണിയർ ഡീ ഒ 228 നിർമ്മിച്ചത് ? @PSC_Talkz
    - **ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ്**

- നീതി ആയോഗിൻ്റെ ഊർജ്ജ കാലാവസ്ഥ സൂചികയിൽ വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം നേടിയ സംസ്ഥാനം
  - **ഗുജറാത്ത്**
- നീതി ആയോഗിൻ്റെ ഊർജ്ജ സൂചികയിൽ വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിൻ്റെ സ്ഥാനം ? **2**
- നീതി ആയോഗിൻ്റെ ഊർജ്ജ കാലാവസ്ഥ സൂചികയില് ചെറിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം നേടിയത് ? @PSC_Talkz
  - **ഗോവ**
- ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ടാങ്ക് ഗൈഡഡ് മിസൈൽ ?
  - **ഹെലിന**
- DRDO വികസിപ്പിച്ചെടുത്ത നാഗ് മിസൈലിൻ്റെ ഹെലികോപ്റ്റർ പതിപ്പ് ?
  - **ഹെലിന**
- കേരള കലാകേന്ദ്രം നവാഗത എഴുത്തുകാർക്കയി നൽകുന്ന 10 മത് കമലാ സുരയ്യ ചെറുകഥാ അവാർഡ് ജേതാവ് ?
  - **സുധ തെക്കേമഠം ( കഥ - ആലിദാസൻ )**
- 2020 21 വർഷത്തെ രാജ്യത്തെ ഏറ്റവും മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള ദീൻദയാൽ പഞ്ചായത്ത് ശാസ്തീകരണ പുരസ്കാരം ലഭിച്ചത് ?
  - **ളാലം , കോട്ടയം**
- എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധന ലാബ് ഉള്ള ആദ്യ സംസ്ഥാനം ?
  - **കേരളം**
- തമിഴ്നാട് Dr. ജയലളിത മ്യൂസിക് ആൻഡ് ഫൈൻ ആർട്ട്സ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ആയി നിയമിതയായത് ? @PSC_Talkz
  - **S സൗമ്യ**
- തകഴി ചെറുകഥാ രചനാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ " പരിണാമഗുപ്തി " എന്ന ചെറുകഥ ആരുടേതാണ് ?
  - **ഉഷാ മേനോൻ**
- ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് വേദി ?
  - **ബംഗളൂരു**

- ഏഷ്യയിലെ ഏറ്റവും വലിയ മലിനജല സംസ്കരണ പ്ലാന്റ് ഇന്ത്യയിൽ എവിടെ സ്ഥാപിക്കുന്നത് ? @PSC_Talkz
  - **ഓഖ്ല, ഡൽഹി**
- 2022 ഏപ്രിലിൽ, വന്യമൃഗങ്ങൾക്ക് നിയമപരമായ അവകാശം നൽകുന്ന ലോകത്തിലെ ആദ്യത്തെ രാജ്യമായി മാറിയത് ?
  - **ഇക്വഡോർ**
- 2023 ജി20 ഉച്ചകോടിയുടെ ചീഫ് കോർഡിനേറ്ററായി ഇന്ത്യയിൽ നിന്ന് അടുത്തിടെ നിയമിക്കപ്പെട്ടത് ആരാണ് ?
  - **ഹർഷ് വർദ്ധൻ ശ്രിംഗ്ല**
- 2022 ലെ ഒ.ഹെൻറി അവാർഡ് നേടിയത് ?
  - **ബംഗാളി എഴുത്തുകാരൻ അമർ മിത്ര**
- ബംഗാളി എഴുത്തുകാരൻ അമർ മിത്രയെ ഒ. ഹെൻറി അവാർഡിന് അർഹനാക്കിയ 1977-ൽ എഴുതിയ ബംഗാളി ചെറുകഥ ?
  - **ഗാൺബുറോ (Gaonburo)**
- ഗാൺബുറോ എന്ന ചെറുകഥയുടെ ഇംഗ്ലീഷ് പരിഭാഷ ?
  - **The Old Man of Kusumpur**
- 2022 ഏപ്രിലിൽ പാക്കിസ്ഥാൻ വിജയകരമായി പരീക്ഷിച്ച മിസൈൽ ?
  - **ഷഹീൻ 3**
- ആദ്യ ഖേലോ ദേശീയ റാങ്കിംഗ് വനിതാ അമ്പെയ്ത്ത് ടൂർണമെന്റ് നടക്കുന്നത് ?
  - **ജംഷഡ്പൂർ**
- പ്രശസ്ത ഗായിക ലതാ മങ്കേഷ്കറിന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ പ്രഥമ ലതാ ദീനാനാഥ് മങ്കേഷ്കർ അവാർഡ് നേടിയത് ? @PSC_Talkz
  - **പ്രധാനമന്ത്രി നരേന്ദ്രമോദി**
- മറ്റ് അവാർഡ് ജേതാക്കൾ ?
  - **ഗായകൻ രാഹുൽ ദേസ്പാണ്ഡെ, മുതിർന്ന നടി ആശാ പരേഖ്, നടൻ ജാക്കി ഷ്റോഫ്,മുംബൈയിലെ ഡബ്ബാവാലകൾ (സാമൂഹികസേവനം)**
- വികാസ് സിരി സമ്പത്ത്-1111 എന്ന പേരിൽ ഒരു പുതിയ നിക്ഷേപ പദ്ധതി ആരംഭിച്ച ബാങ്ക് ?
  - **Karnataka Vikas Grameena Bank**

- ഒഡീഷയിലെ ഭുവനേശ്വറിൽ ഏറ്റവും പുതിയ അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്റർ (ALH-Dhruv) MK-III സ്ക്വാഡ്രൺ കമ്മീഷൻ ചെയ്തത് ?
  - **ഇന്ത്യൻ കോസ്റ്റ് ഗാർഡ്**
- 2022 ഏപ്രിലിൽ ആരംഭിച്ച അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേയ്ക്കുള്ള ആദ്യ സമ്പൂർണ സ്വകാര്യ ദൗത്യം ?
  - **Axiom Mission One**
- ഹിമാചൽപ്രദേശിൽ നടന്ന ഒമ്പതാമത് ഇന്ത്യ കിർഗിസ്ഥാൻ സംയുക്ത പ്രത്യേക സൈനിക അഭ്യാസം ? @PSC_Talkz
  - **ഖഞ്ജർ 2022**
- കേരളത്തിലെ അതിഥിതൊഴിലാളികളുടെ ഓൺലൈൻ രജിസ്ട്രേഷന് വേണ്ടി വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷൻ ?
  - **Guest App**
- തോന്നയ്ക്കൽ കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ വീണപൂവ് ശതാബ്ദി സമ്മാനം (12500 രൂപ) നേടിയത് ?
  - **കെ.ജയകുമാർ (കൃതി :വീണപൂവ് വിത്തും വൃക്ഷവും)**
- യുവകവിക്കുള്ള കുമാരകവി പുരസ്കാരം (25,000രൂപ) നേടിയത് ?
  - **ആര്യാഗോപി**
- തകഴി സാഹിത്യോത്സവത്തിന്റെ ഭാഗമായുള്ള ചെറുകഥാ പുരസ്ക്കാരത്തിൽ ഒന്നാം സമ്മാനത്തിന് (10,000 രൂപ) അർഹയായത് ?
  - **ഉഷാ മേനോൻ (കഥ: പരിണാമഗുപ്തി)**
- തകഴി സാഹിത്യോത്സവത്തിന്റെ ഭാഗമായുള്ള ചെറുകഥാ പുരസ്ക്കാരത്തിൽ രണ്ടാം സമ്മാനം ലഭിച്ചത് ?
  - **ജിബിൻ എബ്രഹാം (മൺവെളിച്ചം)**
- തകഴി സാഹിത്യോത്സവത്തിന്റെ ഭാഗമായുള്ള ചെറുകഥാ പുരസ്ക്കാരത്തിൽ മൂന്നാം സമ്മാനം ലഭിച്ചത് ? @PSC_Talkz
  - **റഫീക്ക് പന്നിയങ്കര (മാണിക്യത്തുരുത്ത്)**

## APRIL 14

- ബി ആർ അംബേദ്കറുടെ എത്രാമത്തെ ജന്മദിനമാണ് 2022 ഏപ്രിൽ 14-ന് ?
  - **131-ാം ജന്മദിനം**

- '2021 Tree City of the World' ആയി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ച ഇന്ത്യയിലെ രണ്ടാമത്തെ നഗരം ? @PSC_Talkz
    - **മുംബൈ**
- 2021 Tree City of the World' ആയി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യ നഗരം ?
    - **ഹൈദരാബാദ്**
- ഈയിടെ ഏത് ഇന്ത്യൻ സംസ്ഥാനത്താണ് മെഗാലിത്തിക് ശില കണ്ടെത്തിയത് ?
    - **അസം**
- ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് (എച്ച്എഎൽ) ഏത് ഹെലികോപ്റ്ററിന്റെ രണ്ടാം ഘട്ട ഫ്ലൈറ്റ് പരിശീലനത്തിനായാണ് നൈജീരിയ യുമായി കരാർ ഒപ്പിട്ടത് ?
    - **ചേതക് ഹെലികോപ്റ്റർ**
- EY എന്റർപ്രണർ ഓഫ് ദ ഇയർ അവാർഡ് നേടിയ Nykaa സിഇഒ ?
    - **ഫാൽഗുനി നായർ**
- ജയിൽ മോചിതരായ ശേഷം തടവുകാരുടെ ജീവിതം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തടവുകാർക്ക് വിദ്യാഭ്യാസം നൽകാൻ തീരുമാനിച്ചത് ?
    - **Indore Central Jail**
- ദേശീയ ന്യൂനപക്ഷ കമ്മീഷൻ അധ്യക്ഷൻ ആയി വീണ്ടും നിയമിതനായത് ?
    - **ഇക്ബാൽ സിങ് ലാൽപുര**
- പഞ്ചാബ് നിയമസഭാ തിരഞ്ഞെടുപ്പിൽ ബിജെപി സ്ഥാനാർഥിയായി ഇക്ബാൽ സിങ് ലാൽപുര മത്സരിച്ച മണ്ഡലം ? @PSC_Talkz
    - **രൂപ്നഗർ**
- വി.സാംബശിവൻ സാംസ്കാരികസമിതി ഏർപ്പെടുത്തിയസാംബശിവൻ ദേശീയ പുരസ്കാരം (25,000രൂപ) നേടിയത് ?
    - **ഇന്നസെന്റ്**
- തെക്കേമഠം ശങ്കരപദ്മം പുരസ്കാരം(10,001 രൂപ) ഗോവ ഗവർണർ അഡ്വ. പി.എസ്. ശ്രീധരൻ പിള്ള സമ്മാനിക്കുന്നത് ആർക്കാണ് ? @PSC_Talkz
    - **ആർട്ടിസ്റ്റ് നമ്പൂതിരിക്ക്**
- ഓണാട്ടുകര സ്വാശ്രയ സമിതിയുടെ പ്രഥമ ഓണാട്ടുകര സംസ്കൃതി പുരസ്കാരത്തിന് അർഹനായ ചരിത്രകാരനും പുരാരേഖാ വിദഗ്ദനുമായ വ്യക്തി ?
    - **ഡോ. എം.ജി. ശശിഭൂഷൺ**

- 2022 ഒക്ടോബറിൽ ഇന്ത്യ ആതിഥ്യമരുളുന്ന അണ്ടർ 17 വനിതാ ലോകകപ്പിന്റെ വേദികൾ ? @PSC_Talkz
  - **ഭുവനേശ്വർ, ഗോവ, നവി മുംബൈ**
